

# ഘടോൽക്കചൻ

നാടകം

ഇടശ്ശേരി ഗോവിന്ദൻ നായർ

# ഘടോൽക്കചൻ

നാടകം

ഇടശ്ശേരി ഗോവിന്ദൻ നായർ

Ghatolkajan
ഘടോൽക്കചൻ
Drama in Malayalam

©Rights reserved.

# ഘടോൽക്കചൻ

**രംഗം 1**

(യുദ്ധകോലാഹലങ്ങൾ. ക്രമേണ ശബ്ദ വീചി അകന്നുപോകുന്നു.)

അർജ്ജുനൻ: ഭഗവാൻ ജനാർദ്ദന, അമ്പെത്താത്ത ഇവിടെത്തന്നെ തേർ നിർത്തു. അതാ ക്രൌഞ്ചങ്ങൾ കരയുന്നു; അടുത്തെവിടേയോ വെള്ളമുണ്ട്; കുതിരകൾ കുടിക്കട്ടെ.

കൃഷ്ണൻ: അർജ്ജുന, നിനക്കെങ്ങിനെ ഈ പക്ഷികളുടെ ശബ്ദം കേൾക്കാൻ കഴിഞ്ഞു! ഇപ്പോൾ ആചാര്യനുമായുണ്ടായ സംഘട്ടനം കഴിഞ്ഞിട്ട് നിങ്ങളുടെ മുറുകിയ ഞാണൊലികൾ എന്റെ ചെവിയിൽ അലച്ചുകൊണ്ടേ ഇരിക്കുകയാണ്.

അർജ്ജുനൻ: ഇരുട്ടത്ത് ഏറെനേരം അസ്ത്രഗതിയറിയാൻ ഞാണൊലി ശ്രദ്ധിച്ചുകൊണ്ടാണല്ലോ അങ്ങ് തേർ നടത്തിയത്. അതുകൊണ്ടാണ്. രാത്രിയുദ്ധം ഇനിയും മുഴുക്കാനാണ് ഭാവം.

കൃഷ്ണൻ: അതിന്നുമുമ്പായി ഇവയ്ക്കിത്തിരി വെള്ളം കൊടുത്തു വിശ്രമിപ്പിക്കാൻ എന്തു വഴി എന്നോർക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് നിന്റെ ശരനിര പൊറുക്കാതെ ആചാര്യൻ പിൻവാങ്ങിയത്.

അർജ്ജുനൻ: ഇന്ന് ഒരിക്കലേ അവയ്ക്ക് വെള്ളം കൊടുത്തിട്ടുള്ളു.

കൃഷ്ണൻ: ജയദ്രഥനെ പിടിക്കാൻ ദ്രോണന്റെയും കൃതവർമ്മന്റെയും പെരും വ്യൂഹങ്ങൾ ഭേദിച്ചു കയറിയപ്പോൾ ഇവയൊന്നു കിതച്ചു. അപ്പോഴാണല്ലോ നീ നിലത്തിറങ്ങി നിന്ന് അവരോട് യുദ്ധം ചെയ്തത്. ഞാനിവയെ നനച്ചു കൊണ്ടുവന്ന് കെട്ടിയതുവരെ നീ അതേനിലയ്ക്കുതന്നെ അനേകം രഥികളെ രോധിച്ചുനിന്നത് അത്ഭുതകരംതന്നെ!

അർജ്ജുനൻ: ഭഗവാൻ, അങ്ങ് ചമ്മട്ടി പിടിക്കാനുള്ള കരുത്തുമാത്രം കരുതി എല്ലാ ശക്തിയും എന്നിലും ഈ കുതിരകളിലും സംക്രമിപ്പിച്ചു. അല്ലെങ്കിലിന്ന് ജയദ്രഥൻ വീഴുമായിരുന്നില്ല.

(കുതിരകോപ്പിലെ മണികളുടെ ശബ്ദം)

അർജ്ജുനൻ: ഈ ഇരുട്ടത്തെങ്ങിനെ വെള്ളം കണ്ടുപിടിക്കും.

കൃഷ്ണൻ: നോക്കൂ, കുതിർന്ന മണ്ണിന്റെ മണം നോക്കി അവർ നടന്നുകഴിഞ്ഞു. നമുക്ക്, പിന്നാലെ ചെന്നാൽ മതി.

അർജ്ജുനൻ: (സാത്ഭുതം) അതാ നോക്കൂ, കൌരവസേനയിൽ പന്തങ്ങളെരിയുന്നു.

കൃഷ്ണൻ: അതി മനോഹരം! തോരൊന്നിന്ന് അയ്യഞ്ചു പന്തം!

അർജ്ജുനൻ: പോരാ ആനയ്ക്കുമുണ്ട്. മുമ്മൂന്നാണ്.

കൃഷ്ണൻ: അതാ പിന്നെയും കുതിരക്കും കാലാൾക്കും ഓരോന്ന്. ഹ, ഹ, ഹ! ദുര്യോധനൻ പരാജയദേവതയ്ക്ക് ചുറ്റുവിളക്കു കഴിക്കയാണ്.

അർജ്ജുനൻ: എങ്കിൽ കർണ്ണന്റെ തേര് നടുക്കു നിറുത്തട്ടെ. അതാവണം ശ്രീകോവില്!

കൃഷ്ണൻ: പക്ഷെ ഇത്തവണ ദ്രൌണിയുടെ തേരാണ്. അതാ സേനാമദ്ധ്യത്തിൽ അത്തേര് മുമ്പോട്ടുവരുന്നു. കർണ്ണനും ദുര്യോധനനും ആയാളുടെ പാർശ്വങ്ങൾ കാക്കുകയാണ്. ആചാര്യപുത്രൻ കാട്ടുതീപോലെയാണ് മുന്നേറുന്നത്.

അർജ്ജുനൻ: കുറച്ചുമുമ്പേ ധൃഷ്ടദ്യുമ്നന്റെ മുമ്പിൽനിന്ന് ഓടിപ്പോയ കർണ്ണനാണത്. ഹ,ഹ,ഹ, ആചാര്യൻ പിൻവാങ്ങിയപ്പോൾ പിന്നാലെ ഊളിയിട്ടുപോയ മഹാരാജാവും!

കൃഷ്ണൻ: ഹാ, ഹ, ഹ! ആ തഞ്ചം നോക്കി നാം തേർ തിരിച്ചപ്പോൾ സാത്യകിയും പാഞ്ചാലപുത്രനും മുറക്കു മുന്നേറുകയായിരുന്നല്ലോ.

അർജ്ജുനൻ: അവരെ ആചാര്യപുത്രൻ പിൻതള്ളിയിരിക്കണം. അദ്ദേഹമിന്നു പതിവിലധികം ചൊടിച്ചിട്ടുണ്ട്.

കൃഷ്ണൻ: അതെ, ജയദ്രഥന്നു പകരം നമ്മളിൽനിന്നു ഒരു മഹാരഥനെ തട്ടിയെടുക്കാതെ ആയാളിന്നു പിൻമാറില്ല. അത്രക്കധികം മാനംകെട്ടതല്ലെ പകൽ? രാത്രിയുദ്ധത്തിന്റെ ഉദ്ദേശം അതാണ്.

അർജ്ജുനൻ: അതാ ദ്രൌണിയുടെ മുമ്പിൽനിന്നു നമ്മുടെ മഹാരഥന്മാർ ഒഴിക്കുന്നു. ഒരാൾക്കും ആയാളുടെ സമ്മർദ്ദം താങ്ങാനാവുന്നില്ല പാഞ്ചാലപ്പട ഇന്നു നാമാവശേഷമാവും!

കൃഷ്ണൻ: ഓ, പേടിക്കാനില്ല. പെരുമ്മലപോലെ ഘടോൽക്കചന്റെ കരടിത്തോൽ പൊതിഞ്ഞ

നാൽച്ചക്രത്തേര് മുമ്പോട്ടു നീങ്ങുന്നു.
അർജ്ജുനൻ: നന്ന്! നന്ന്! കുമാരാ, നിന്റെ മുമ്പിൽ ഇന്ന് ആചാര്യൻപോലും നിൽക്കില്ല. അതാ പാണ്ഡവപ്പടയുടെ ആദ്യത്തെ പന്തം അവന്റെ തേരിൽ കൊളുത്തി!
കൃഷ്ണൻ: അതാ, ഉടനീളം പന്തങ്ങൾ!
അർജ്ജുനൻ: കുമാരനെ കണ്ട് നമ്മുടെ സേന പൊട്ടിച്ചിരിക്കുന്നപോലെയുണ്ട്.
കൃഷ്ണൻ: അതാ നോക്കൂ, പാറ്റിയ വരാലിനെപ്പോലെ ഭീമൻ, മകന്റെ തേരിന്ന് പിൽഗദയും ചുഴറ്റിക്കൊണ്ട് ചുറ്റുന്നത്!
അർജ്ജുനൻ: ഭഗവൻ, ആ അച്ഛനും മകനുമാണ് കാട്ടിൽപ്പെട്ട പാണ്ഡവരെ പന്തിരുകാലം കാത്ത് നാടെത്തിച്ചത്! ഞങ്ങളുടെ ഈട്ടംകൂടിയ പുണ്യമാണ് കുമാരൻ.
കൃഷ്ണൻ: അതെ, ഞാനതോർക്കുന്നു. ആ രാക്ഷസനെ കാണുമ്പോൾ എനിക്ക് സ്വാഭാവികമായും കൈത്തരിപ്പുണ്ടാവാറുണ്ട്. പക്ഷെ, പൊടുന്നനെ, ആയാളുടെ കൂറ് ഓർമ്മ വന്ന് ഞാൻ ചിരിച്ചുപോവുകയാണ് പതിവ്.
അർജ്ജുനൻ: ഭഗവൻ, നിർമ്മമന്മാരിൽവെച്ച് നിർമ്മമനായ അങ്ങ് പലപ്പോഴും കരിമ്പാറക്കെട്ടായിപ്പോകുന്നു
കൃഷ്ണൻ: ഹ, ഹ, ഹ, അതേ ബന്ധുക്കാര, നീ എപ്പോഴും ഗാണ്ഡീവത്തിനോട് ദയ പഠിക്കുമ്പോൾ ഞാനും ഇതാലോചിക്കാറുണ്ട്. (ദൂരെനിന്ന് തുരു തുരെ ശംഖനാദം)
കൃഷ്ണൻ: അതാ, രക്ഷസ്സ് ദ്രൌണിയോട് ഏറ്റുമുട്ടി.
അർജ്ജുനൻ: ആചാര്യപുത്രൻ, കർണ്ണൻ, ദുര്യോധനൻ ഇവർ മൂന്നാളുംകൂടിയാണ് കുമാരന്റെ നേർക്കു പാഞ്ഞുകയറുന്നത്.
കൃഷ്ണൻ: എന്നിട്ടെന്ത്! ആ രക്ഷസ്സ് പുല്ലിന്നും കൂട്ടാക്കുന്നില്ല! ആസുരശക്തി ഭയങ്കരം തന്നെ! നോക്കൂ, അവൻ അതാ ദ്രൌണിയെ കുറേശ്ശെ പിൻതള്ളുന്നു!
അർജ്ജുനൻ: അമ്പോ കുമാരന്റെ പരാക്രമം! ദിവ്യാസ്ത്രങ്ങളെപ്പോലും അവൻ വിലവെയ്ക്കുന്നില്ല.
കൃഷ്ണൻ: നന്ന്! എവിടെ ഘടോൽക്കചൻ! ഒരു നിമിഷം മറഞ്ഞുനിന്ന് അവനതാ ഒരു വലിയ ആൽമരം മുഴുവൻ ദ്രൌണിയുടെ തേരിന്മേൽ മറിച്ചിടുന്നു! ഹ, ഹ, ഹ! അതിന്റെ ആയിരം കൊമ്പുകൾക്കിടയിൽനിന്ന് തേര് ഉരുട്ടുമ്പോഴേക്ക് ആ മഹാരഥന്റെ ആവനാഴി ഒഴിയും.
അർജ്ജുനൻ: അഭിനന്ദനം, കുമാരാ! തഞ്ചംനോക്കി ദുർയ്യോധനനെ പ്രഹരിച്ചുകൊള്ളു.
കൃഷ്ണൻ: ഹ,ഹ,ഹ, നോക്കൂ മുഖം ദേഷ്യം കൊണ്ടെരിയുന്ന ദ്രൌണി പലതരം അമ്പുകൊണ്ട് ആലിൻകൊമ്പുകൾ അറുത്തറുത്ത് തള്ളുമ്പോൾ ഭീമൻ വിളിച്ചു ചോദിക്കുന്നു വിറകിന് വില എന്തെന്ന്. ഹ,ഹ,ഹ!
അർജ്ജുനൻ: ഹ! ഹ! ഹ!
കൃഷ്ണൻ:അത്ഭുതം! അതാ നിമിഷംകൊണ്ട് കുടുക്കൂരിയ ദ്രൌണി ഘടോൽക്കചന്റെ മുമ്പിലെത്തുന്നു.
അർജ്ജുനൻ: അതാ, ആചാര്യപുത്രൻ ഒരു മഹാസ്ത്രം തൊടുത്തു!
കൃഷ്ണൻ: നന്ന്, നന്ന്, ഘടോൽക്കചൻ മറഞ്ഞുകഴിഞ്ഞു!
അർജ്ജുനൻ: കുമാരനതാ പാർശ്വത്തിലെത്തി ഗുരുപുത്രന്റെ സൂതനെക്കൊന്നു!
കൃഷ്ണൻ: അഭിനന്ദനം, ദ്രൌണേ! നോക്കൂ ആയാൾ ഒരു കൈകൊണ്ട് കടിഞ്ഞാൺ പിടിച്ച് മറ്റെ കൈകൊണ്ട് ശക്തിയെടുത്തു ചാട്ടുന്നു!
അർജ്ജുനൻ: ഹോ, തീപ്പറക്കുന്ന അതിനെ കുമാരൻ എങ്ങിനെ തടുക്കും!
കൃഷ്ണൻ: അതാ, ദുര്യോധനനെ പിൻതള്ളുന്ന ഭീമൻ ആ സംരംഭം വിട്ട് മകനെ സമീപിക്കുന്നു.
അർജ്ജുനൻ: ഹോ, ഭയങ്കരം!
കൃഷ്ണൻ: ജയിച്ചു! അമ്പോ, മഹാത്ഭുതം! ആ തീപ്പറക്കുന്ന ശക്തിയെ രക്ഷസ്സ് ചാടിപ്പിടിച്ച് ദ്രോണപുത്രന്റെ നേർക്കുതന്നെ ചാട്ടുന്നു! ആയാളുടെ തേർ പൊടിഞ്ഞു.
അർജ്ജുനൻ: അതെ ദ്രൌണേ, നിലത്തു ചാടിക്കോളു. അതാരാണ് പർവ്വതം പോലെ ഒരുത്തൻ. ഏറെനേരമായി ഗുരുപുത്രനെ പിൻതുടരുന്നത്?
കൃഷ്ണൻ: അത് അലാതനാണ്. ഇത്തിരിമുമ്പാണ് ആ ബകസഹോദരൻ ദുര്യോധനപക്ഷത്ത് ചേർന്നത്. നോക്കൂ, ഭീമൻ അവനെ ലാക്കാക്കി തേർ വിടുമ്പോഴെല്ലാം അവൻ ഒഴിഞ്ഞുമാറുന്നത്!
അർജ്ജുനൻ: തേർ പോയിട്ടും ഗുരുപുത്രൻ ചൊടിച്ചുനിൽക്കയാണ്. അതാ ഒരു മഹാസ്ത്രം കൂടി.

കൃഷ്ണൻ: ഹോ, ഘടോൽക്കചന്റെ ശ്രദ്ധ മാറിപ്പോയി. അവൻ അലാതനെയാണ് ലക്ഷ്യം വെക്കുന്നത്.
അർജ്ജുനൻ: അവൻ ആ  അസ്ത്രത്തെ തടുക്കുന്നില്ലല്ലോ!
കൃഷ്ണൻ: അതാ ഘടോൽക്കചൻ വീണു!
അർജ്ജുനൻ: ആ അസ്ത്രം മാരകമല്ല. ദ്രൌണി മറ്റൊരു തേരിൽ കയറാൻ തഞ്ചം നോക്കി വിട്ടതാണ്. അവൻ എഴുന്നേൽക്കും.
കൃഷ്ണൻ: അതാ ഭീമൻ കുതിക്കുന്നു.
അർജ്ജുനൻ: എന്ത്? അലാതൻ  അവനെ എടുത്തോടുന്നു. വീണ തേരാളിയെ  അപഹരിക്കലോ?
കൃഷ്ണൻ: ഹെയ് പിന്നാലെ ഭീമനുമുണ്ട്.
അർജ്ജുനൻ: അതാ രാക്ഷസൻ  മറഞ്ഞു കഴിഞ്ഞു!
കൃഷ്ണൻ: അതാ വീണ്ടും തേരേറിവന്ന ദ്രോണിക്കു മുമ്പിൽ നമ്മുടെ സൈന്യം പിൻവാങ്ങുകയാണ്. സേനയെ  നിർത്താൻ വൃദ്ധവിരാടനും നകുലനും വൃഥാ ക്ലേശിക്കുന്നു. നമുക്കങ്ങോട്ടെത്തണം.
അർജ്ജുനൻ: ഭഗവാൻ, തേർപൂട്ടിയാലും. ആചാര്യപുത്ര, നിൽക്ക്, നിൽക്ക് !
(കുളമ്പടിയും തേരുരുൾ ശബ്ദവും  ശംഖനാദവും)

**രംഗം 2**

യുദ്ധകോലാഹലങ്ങൾ അടുത്തടുത്തു കേൾക്കുകയും മൂർദ്ധന്യത്തിലെത്തിയശേഷം ക്രമേണ അകന്നുകന്നു പോവുകയും ചെയ്യുന്നു. കുറച്ചിട നിശ്ശബ്ദം.
അലാതൻ: (കിതച്ചുകൊണ്ട്) ഇതല്ലെ, കുമാരഭീമസേനന്റെ ശിബിരം?
ഹിഡുംബി: അതെ, ബകസഹോദരനായ അലാതമഹാരാജാവിന്ന് സ്വാഗതം.
അലാതൻ: (കിതച്ചുകൊണ്ടുതന്നെ) ഹിഡുംബസഹോദരിതന്നെയാണ് എന്റെ ആതിഥേയി എന്നു വിശ്വസിക്കുന്നു.
ഹിഡുംബി: അതെ, ഇരിക്കാം. അങ്ങെന്താണ് കിതക്കുന്നത്? ആരാണീ നിലത്തു  കിടക്കുന്നത്?
അലാതൻ: എടുത്തിട്ടാണ് ഞാനീ യുവാവിനെ ഇങ്ങോട്ടെത്തിച്ചത് വന്മലകൾ സാരമില്ല.  കുത്തിയെടുത്തു  എറിയാറുണ്ട്. രക്ഷോവംശത്തിലെ ഈ മഹാരത്നത്തെ ചുമക്കാൻ ഏറെ വിഷമിച്ചു. സ്വവംശാഭിമാനം  കൊണ്ടാണു ഞാൻ  കരുത്തേറ്റത്.
ഹിഡുംബി: അയ്യോ. കുമാര... നീ ഇന്നിലക്കായല്ലോ!  അയ്യോ ചതിച്ചല്ലോ...
അലാതൻ:  പരിഭ്രമിക്കേണ്ട.
ഹിഡുംബി: അയ്യോ ഘടോൽക്കച!
അലാതൻ: ഹേ, വീരമാതാവേ, പരിഭ്രമിക്കേണ്ട. രാക്ഷസന്മാരുടെ കഴിവിനെപ്പറ്റി അറിവില്ലാത്തപോലെ നീ  സംഭ്രമിക്കുന്നല്ലോ.
ഹിഡുംബി: അയ്യോ, കുട്ടീ!  അജയ്യനായ നിന്നെ ആരീ നിലയിലാക്കി.
അലാതൻ:  അവൻ അശ്വത്ഥാമാവിനോടു യുദ്ധം ചെയ്തു വീണു.   മരിച്ചിട്ടില്ല.  പക്ഷെ രാക്ഷസന്നു മാത്രം അറിയാവുന്ന മരുന്നുകൊണ്ടേ  ഇവൻ ഇനി ജീവിക്കൂ.
ഹിഡുംബി: എങ്കിൽ ഇവനെ ജീവിപ്പിക്കണേ.
അലാതൻ: പരിഭ്രമിക്കാതിരിക്കൂ. ഞാൻ  ശസ്ത്രം ഊരിക്കളഞ്ഞ്  മരുന്നുപുരട്ടിയിരിക്കുന്നു.  ഇവൻ രാക്ഷസാഭിമാനമാണ്. നോട്ടക്കുറവുകൊണ്ടു ഞാനിവനെ നഷ്ടപ്പെടുത്തുമെന്നു വിചാരിക്കുന്നോ? ക്ഷമിക്കൂ, ക്രമേണ അവൻ കണ്ണുമിഴിക്കും.
ഹിഡുംബി: ഹാ, ഞാൻ രക്ഷപ്പെട്ടു. ഈ മഹോപകാരത്തിന്നു  നന്ദി!
അലാതൻ: ഹേ രാക്ഷസപുത്രി, എന്നോടു നന്ദി പറയേണ്ടതില്ല. രാക്ഷസൻ  വീഴുന്നിടത്തു  അലാതൻ എത്തും. അതിനാണു ഈ  കിരീടം എന്നെ ചൂടിച്ചിട്ടുള്ളത്.
ഹിഡുംബി: മഹാത്മാവായ അങ്ങയെ വിധി ഞങ്ങളുടെ ശത്രുവാക്കിയിരിക്കയാണല്ലൊ. ആ നിലക്കു മഹാമനസ്തകതയാണ് അങ്ങ് പ്രത്യക്ഷപ്പെടുത്തിയത്.
അലാതൻ: അതെ, ഇന്നു സന്ധ്യക്കു ഞാൻ മഹാത്മാവായ കൗരവരാജാവുമായി സഖ്യംചെയ്തു. അങ്ങിനെ പാണ്ഡവരോടു യുദ്ധം പ്രഖ്യാപിച്ചു.
ഹിഡുംബി: അതു ഞാനറിഞ്ഞു.

അലാതൻ: എങ്കിലും ഞാൻ രാക്ഷസവിരോധിയല്ല.

ഹിഡുംബി: കൗരവപക്ഷത്തു ചേർന്ന അങ്ങ് ഞങ്ങളുടെ വിരോധി തന്നെ.

അലാതൻ: "ഞങ്ങളുടെ"? ഒരു രാക്ഷസവംശ്യ എന്നോടതു പറയാൻ പാടില്ല.

ഹിഡുംബി: വംശം ഏതായാലും ഞങ്ങൾ പാണ്ഡവ ബന്ധുക്കളാണല്ലൊ. ഞങ്ങൾക്കു വിരോധികൾ വേറെ വേറെയില്ല; ബന്ധുക്കളും.

അലാതൻ: അതെ; ഒരു വൈകൃതം.

ഹിഡുംബി: അതെന്താണ്?

അലാതൻ: നിന്റെ തള്ള മരിച്ച കാലത്തു എന്തിന്നും പോന്നവനെന്നു വെച്ചു നിന്നെ നിന്റെ ജ്യേഷ്ഠനൊന്നിച്ചു പാർക്കാൻ അനുവദിച്ചു. നിന്നെ പ്രായത്തിന്നൊത്തു സംരക്ഷിക്കാൻ അവന്നു കഴിഞ്ഞില്ല. അതും പോര, നാലഞ്ചുദിവസം ഒന്നായി നായാടി ക്ഷീണിച്ചുവന്നപാടെ, മേലും കീഴും നോക്കാതെ ആയാൾ കുമാരഭീമസേനനോടു വഴക്കിന്നു നിന്നു. അങ്ങിനെ നീ ഞങ്ങളുടെ വംശത്തിൽനിന്നു മുറിഞ്ഞുപോയ കണ്ണിയായി.

ഹിഡുംബി: എനിക്കതിൽ വ്യസനിക്കേണ്ടി വന്നിട്ടില്ല.

അലാതൻ: നല്ലത്. പക്ഷെ, നിന്നെച്ചൊല്ലി ഉറ്റവർക്കുള്ള വ്യസനം മാറീട്ടില്ല. അതാണല്ലൊ കൊടും യുദ്ധത്തിലും കടന്നുചെന്നു ഇവനെ താങ്ങാൻ എന്നെ പ്രേരിപ്പിച്ചത്.

ഹിഡുംബി: പക്ഷെ, അതിലെന്തേ വൈകൃതം?

അലാതൻ: ഞാൻ കൗരവന്മാരെ സഹായിക്കുന്നു. നിന്റെ പുത്രൻ അവരെ എതിർക്കുന്നു. ഇങ്ങനെ കണ്ടവന്റെ യുദ്ധം രാക്ഷസന്റെ നാലുകെട്ടിലെത്തിയതു നന്നോ? എന്തായാലും അതിന്ന വസാനിച്ചു.

ഹിഡുംബി: എനിക്കു മനസ്സിലായില്ല.

അലാതൻ: സഹോദരീ, ഹിഡുംബൻ മരിച്ചശേഷം നിങ്ങൾ അനാഥരെപ്പോലെ പാണ്ഡവരെ സേവിച്ചു. അവർ നിങ്ങളെ രക്ഷിച്ചു. അതിന്നു ഈ വീരപുത്രൻ പതിനായിരക്കണക്കിൽ പാണ്ഡവ ശത്രുക്കളെ കൊന്നുവീഴ്ത്തി, ഒടുവിൽ സ്വപ്രാണൻ കൊണ്ടും കടം വീട്ടി കഴിഞ്ഞല്ലൊ!

ഹിഡുംബി: അയ്യോ, എന്റെ മകൻ മരിച്ചു! അവന്റെ അമ്മയെ സമാധാനപ്പെടുത്താനാണോ അങ്ങ് മറ്റെന്തൊക്കെയോ പറഞ്ഞത്! അയ്യോ!

അലാതൻ: ഇല്ല; അവൻ മരിച്ചിട്ടില്ല. മരിക്കില്ല. പക്ഷെ, അവൻ മരിച്ചതായിത്തന്നെ പാണ്ഡവന്മാർ കണക്കാക്കിയിരിക്കുന്നു. രാക്ഷസന്മാർക്കുമാത്രം അറിയാവുന്ന മഹൗഷധിയാലാണു ഈ വീരപുത്രൻ ജീവിക്കാൻ പോകുന്നത്.

ഹിഡുംബി: അപ്പോൾ, അവൻ ജീവിക്കുമ്പോൾ?

അലാതൻ: ഒന്നുമില്ല. അവന്നു ആരോടും കടപ്പാടുണ്ടാവില്ല. മറ്റുള്ളവരെപ്പോലെ സ്വതന്ത്രനായ ഒരു രാക്ഷസൻ ഈ ജഡത്തിൽനിന്നു ഉണർന്നെഴുന്നേൽക്കും.

ഹിഡുംബി: എന്നിട്ട്?

അലാതൻ: കടം വീട്ടിക്കഴിഞ്ഞ ഒരാളെപ്പോലെ അവന്നു കൈയും വീശി നടക്കാം.

ഹിഡുംബി: കൗരവപക്ഷത്തിൽ ചേർന്നു സ്വന്തം പിതാക്കളോടു യുദ്ധം ചെയ്യിക്കാമെന്നാണോ പറഞ്ഞുകൊണ്ടുവരുന്നത്. മകനെ, വീണ്ടും നിന്നിൽ ജീവൻ പ്രവേശിക്കുന്നതു അതിന്നു വേണ്ടിയാണെങ്കിൽ നിന്റെ അമ്മ ആശിക്കുക, നിന്നെ ഈ നിലയിൽ തന്നെ കാണാനാണ്.

അലാതൻ: അയ്യോ കഷ്ടം. ഞാനതുദ്ദേശിച്ചില്ല. അലാതനോടൊത്ത കൗരവന്മാരിൽ മഹാരഥന്മാർക്കു അത്രക്കു ക്ഷാമം നേരിട്ടിട്ടില്ല.

ഹിഡുംബി: പിന്നെ? വ്യക്തമായിപ്പറയൂ.

അലാതൻ: ഹൊ, രാക്ഷസപുത്രി, നിനക്കും നിന്റെ വീരപുത്രന്നും നിങ്ങളുടെ പഴയ തറവാട്ടിലേക്കു തന്നെ മടിങ്ങിവരാമല്ലൊ. നമുക്കു മഹാരഥന്മാരായ പൂർവ്വികന്മാരുടെ പാരമ്പര്യത്തിൽ അഭിമാനപൂർവ്വം ജീവിക്കാമല്ലൊ.

ഹിഡുംബി: ഞങ്ങൾ മാനം കെട്ടല്ല ജീവിച്ചത്.

അലാതൻ: അത് ഈ ക്ഷത്രിയരുടെ സൗജന്യം. പക്ഷെ, ഇതാലോചിച്ചുനോക്കൂ, മുപ്പാരും വാണ ദൈത്യേശ്വരന്മാരുടെ സിംഹാസനമെവിടെ? നാലു കാതം നാട്ടിന്നു തമ്മിൽ തല്ലുന്നവരുടെ ചൊൽപ്പടിക്കാരനെവിടെ?

ഹിഡുംബി: ദൈത്യേശ്വര, ഐശ്വര്യംകൊണ്ടു പാണ്ഡവന്റെ അന്ത:പുരത്തെ പ്രലോഭിപ്പിക്കയാണോ?

എനിക്കങ്ങയോടു അനുകമ്പതോന്നുന്നു.

അലാതൻ: ഹെ, ക്ഷത്രിയകുടുംബിനി, അലാതന്നു വ്യാമോഹങ്ങളില്ല. പക്ഷെ, ഇന്നും നീ കണ്ണടച്ചിരിക്കുന്നതിൽ വ്യസനമുണ്ട്. ഐശ്വര്യം പോട്ടെ, ആത്മാഭിമാനമില്ലെ? അതുപോലും കെട്ടടങ്ങിപ്പോയോ നിന്നിൽ?

ഹിഡുംബി: എന്താണത്രെ ഞങ്ങൾക്കുള്ള നാണക്കേട്?

അലാതൻ: സഹോദരീ, നമ്മുടെ വംശത്തിന്റെ കോടാലിയാണു കൃഷ്ണൻ. നീ അറിയാത്തതാണോ? അവന്റെ പക്ഷത്തിൽനിന്നുകൊണ്ടാണല്ലോ നീ ഇപ്പോഴും എന്നോടു വാദിക്കുന്നത് !

ഹിഡുംബി: താങ്കൾ ഒരു യാദവപത്നിയോടല്ല സംസാരിക്കുന്നത്. ധർമ്മിഷ്ഠമായ പാണ്ഡവ ഗേഹത്തിലാണു ഞാൻ.

അലാതൻ: വെറും തെറ്റിദ്ധാരണ. ദുര്യോധനപക്ഷത്തു ഞാൻ ചേർന്നതു, ആളുകൾ വിചാരിക്കുന്ന പോലെ, പാണ്ഡവവൈരംകൊണ്ടല്ല. ബകനേയും ഹിഡുംബനേയും ജരാസന്ധനേയും കൊന്ന ഈ പാണ്ഡവന്മാർ ആരാണ്? കൃഷ്ണന്റെ കൈയിലെ ആയുധങ്ങൾ!

ഹിഡുംബി: ഛെ, സൗഹൃദബന്ധം മനസ്സിലാകാത്തവന്നു പറഞ്ഞുണ്ടാക്കാനുള്ള അപവാദങ്ങൾ!

അലാതൻ: അപവാദമോ? എനിക്കാത്മാർത്ഥതയില്ലെന്നു പറയുന്നോ! ഇന്നു കൃഷ്ണൻ പിരിയട്ടെ, അലാതനെ, അവന്നുള്ള സർവ്വശക്തികളോടുംകൂടി പാണ്ഡവപക്ഷത്തു കാണാം. കൃഷ്ണനാണു വിരോധി. അവനാണു കള്ളൻ. അവനാണ് ശിക്ഷാർഹൻ. ഹാ രാക്ഷസപുത്രി, ഹിരണ്യാക്ഷനും ഹിരണ്യകശിപുവും മറ്റായിരം മഹാന്മാരും ഭരിച്ച രാക്ഷസ സാമ്രാജ്യത്തെ സ്വപ്നം കാണാനും കഴിയാത്തവിധം ഇന്നത്തെ രാക്ഷസബുദ്ധി നശിച്ചുപോയോ? വരൂ, സഹോദരി, പുത്രനൊന്നിച്ചു വരു. നമുക്ക് ആ വംശമഹത്വത്തെ പുനഃസ്ഥാപിക്കാം. രാക്ഷസന്റെ കുടുംബത്തെ കെട്ടിപ്പടുക്കാൻ നിന്റെ മകനെ നെടുംതൂണാക്കുമെന്ന് പ്രതിജ്ഞ ചെയ്യു.

ഹിഡുംബി: മഹാനായ രാജാവേ, അങ്ങേയ്ക്കെന്നിൽ വംശാഭിമാനം ഉത്തേജിപ്പിയ്ക്കാൻ കഴിഞ്ഞു. സമ്മതിക്കാം. ആ രാക്ഷസപാരമ്പര്യം അത്രയ്ക്കൊന്നും എന്നിൽ കെട്ടുകഴിഞ്ഞിട്ടുമില്ല. രാക്ഷസേശ്വര, അങ്ങ് വംശത്തെ ഉദ്ധരിക്കുക. ക്ഷത്രിയസമ്പർക്കംകൊണ്ട് ഞാനും മകനും പിഴച്ചുപോയി എങ്കിൽ, ഞാൻ വേദനയോടുകൂടിയാണ് പറയുന്നത്, ഞങ്ങളെ ഉപേക്ഷിക്കുക. ഞങ്ങളുടെ വിധി ഈ രാജകുടുംബത്തിന്റെ വിധിയാണ്. അങ്ങ് ജയിച്ചാലും ഇല്ലെങ്കിലും സ്വസ്തി.

അലാതൻ: ശരി; അലാതൻ ഒരിക്കൽക്കൂടി തോൽക്കട്ടെ. കാലം അസുരശക്തിക്കെതിരാണ്. ഹേ, പാണ്ഡവപത്നി, ഖേദിക്കണ്ട. നിന്റെ ഈ വീരസന്താനം ഉണരാറായി. നീ ഒരു കാര്യംചെയ്യൂ. യുദ്ധവീര്യം തിളക്കുന്ന ഇവനെ ദ്രൌണിയോടും കർണ്ണനോടും മാത്രം ഇനി പൊരുതാനയയ്ക്കരുത്. വംശത്തിന്റെ പേരിൽ ഇതേ എനിക്കൊരു അഭ്യർത്ഥനയുള്ളു. ഞാൻ പോകട്ടെ.

(ഒരു കൊടുങ്കാറ്റടിയുടെ ശബ്ദം)

ഹിഡുംബി: (സവാത്സ്യല്യം) മകനേ, നീ ഉണരില്ലെ! ഒന്നു കണ്ണുമിഴിക്കൂ നോക്ക്, നീ ഒന്നെണീറ്റിരുന്ന് അമ്മ – എന്നുവിളിക്കു. കുട്ടി, നീ എന്റെ കൈയിൽനിന്നു ഇത്തിരി പാൽകുടിക്ക്! മകനെ, മകനെ...

ഘടോൽക്കചൻ: (പെട്ടെന്ന് ) അമ്മേ, നിങ്ങളെന്നെ ദ്രൌണിയുടെ മുമ്പിൽ നിന്നു മാറ്റിക്കളഞ്ഞുവോ? ഛെ, അവനെവിടെ?

ഹിഡുംബി: മകനെ ഒതുങ്ങിക്കിടക്ക്. കുറച്ചുകൂടി പാൽകുടിക്കു. ഏതായാലും നീ ജീവിച്ചു. ഞാൻ പുത്രവതി തന്നെ.

ഘടോൽക്കചൻ: അല്ല, ഞാൻ അശ്വത്ഥാമാവിന്റെ മുമ്പിലല്ല, അവന്റെ തേർ പോയപ്പോൾ ഞാൻ അലാതന്റെ മുമ്പിലായിരുന്നു. പറയൂ അമ്മെ, ഞാനെങ്ങിനെ ഇവിടെ എത്തി?

(മറ്റൊരു കൊടുങ്കാറ്റടിക്കുന്നശബ്ദം)

ഭീമൻ: എട, എടാ അലാതാ! ഏ! അലാതൻ കടന്നുകളഞ്ഞു!

ഘടോൽക്കചൻ: ആരച്ഛാ അലാതനോ?

ഭീമൻ: അതെ, അവൻ ആചാര്യപുത്രനോടേറ്റുവീണ നിന്നെയും എടുത്തുകൊണ്ടു യുദ്ധരംഗം വിട്ടോടി.

ഘടോൽക്കചൻ: എന്ത്! അലാതനോ? എന്നെയോ?

ഭീമൻ: ഞാൻ പിന്നാലെ പാഞ്ഞു. അവൻ എന്റെ ശിബിരത്തിൽ കയറുമെന്ന് ഊഹിക്കാൻ പോലും കഴിഞ്ഞില്ല. ഞാൻ നേരെ രാക്ഷസശിബിരത്തിൽ പോയി. അതുകൊണ്ട് താമസം പറ്റി. ഏതായാലും നീ ജീവിച്ചുവല്ലോ.

ഹിഡുംബി: അതേ, വീണപ്പോൾ താങ്ങാൻ സ്വന്തം വംശക്കാരെ ഉണ്ടായുള്ളു!

ഘടോൽക്കചൻ: അയ്യോ, ഇപ്പോഴാണു ഞാൻ മരിച്ചത്. വീണുകിടക്കുമ്പോഴും ആ കൌരവ പക്ഷക്കാരന്ന് എന്നെത്തൊടാൻ ഉശിരുണ്ടായല്ലോ!

ഹിഡുംബി: രാക്ഷസന്മാർക്കു മാത്രം വശമുള്ള മരുന്നുകൊണ്ടാണ് നീ ജീവിച്ചത്! അതിന്നു ആ രാജാവിനോടു നന്ദി പറയ്.

ഘടോൽക്കചൻ: ഛെ, രാജാവോ? ധർമ്മനിരതനായ എന്റെ വല്യച്ഛനല്ലാതെ വേറെ രാജാവേത്! ആ ദുര്യോധനന്റെ എച്ചിൽ നക്കാൻ ചെന്നവൻ ആരുടെ രാജാവ്?

ഹിഡുംബി: അദ്ദേഹം രാക്ഷസരാജാവാണ്. നീ ഒരുവൻ പറഞ്ഞാൽ അങ്ങിനെ അല്ലാതാവില്ല!

ഭീമൻ: ഓ, വർഗവാദവും പറഞ്ഞുനടക്കുന്ന അലാതൻ ജയിച്ചു. ഭീമന്റെ ശിബിരത്തിലും അയാൾക്കു പക്ഷക്കാരുണ്ടായല്ലൊ. ഇപ്പൊഴേ പോരിൽ വീണു ഇവനേയും ചുമന്നു അവൻ ഇങ്ങോട്ടു വെച്ചതിന്റെ ഉദ്ദേശം മനസ്സിലായുള്ളു.

ഘടോൽക്കചൻ: അച്ഛ, എന്നെ എടുത്തോടുമ്പോൾ അച്ഛൻ അവനെ കൊന്നുകളയാഞ്ഞതെന്തേ!

ഭീമൻ: ഭീമന്റെ ദൗർബല്യം. നിന്നിൽ ജീവൻ തങ്ങിനിൽപുണ്ടോ ഇല്ലയോ എന്നറിയാതെ മനസ്സു ഒരു നിമിഷം അങ്ങോട്ടുമിങ്ങോട്ടും ആടി. അതിലിടയ്ക്ക് അവൻ കടന്നുകളഞ്ഞു!

ഹിഡുംബി: ഏതായാലും ഇവൻ വീണപ്പോൾ, ആദ്യം പാഞ്ഞെത്തിയത് അച്ഛനല്ല!

ഭീമൻ: അതിന്ന് ഉത്തരം പറയണം ഞാൻ. ഹേ, രാക്ഷസപുത്രി, ക്ഷത്രിയർക്ക് പോരിൽ വീണുപോയ വ്യക്തിയെ പരിചരിക്കലില്ല! പിതാമഹൻ വീണപ്പോൾ കഷായത്തിന്ന് എഴുതിക്കാൻ ദുര്യോധനൻ വിളിച്ചുവരുത്തിയ വൈദ്യന്മാരെ, പിതാമഹൻതന്നെ തിരിച്ചയച്ചത് നീ കേട്ടിട്ടില്ലേ?

ഹിഡുംബി: അതെ മകനെ, ക്ഷത്രിയാഹങ്കാരം നീ കേട്ടു. നീ ആർക്കുവേണ്ടിയാണ് മരിക്കുന്നത്. നിനക്കിനി ഇജ്ജന്മം ക്ഷത്രിയനാവാനും പറ്റില്ല.

ഘടോൽക്കചൻ: അച്ഛൻ ഒരു വംശത്തേയും ആക്ഷേപിച്ചില്ല. സ്വന്തം വംശത്തിലെ സമ്പ്രദായം പറഞ്ഞു. അതു സത്യമല്ലേ?

ഹിഡുംബി: ഒപ്പം സ്വന്തം വംശത്തെച്ചൊല്ലി നീ അഹങ്കരിക്കാത്തതെന്ത്? നിന്നെ ജീവിപ്പിച്ചു ഇപ്പോൾ ഇവിടെനിന്നും പോയ അലാതൻ എന്നിൽക്കൂടി രാക്ഷസവീര്യം ഉജ്ജീവിപ്പിച്ചു.

ഭീമൻ: അലാതൻ എന്തു പറഞ്ഞു?

ഹിഡുംബി: ഇവനെ ഇനി യുദ്ധത്തിന്നു അയക്കരുതെന്ന്. ദ്രൌണിയോടും കർണ്ണനോടും വിശേഷിച്ചും.

ഭീമൻ: എന്നിട്ടു, നീ എന്താലോചിക്കുന്നു?

ഹിഡുംബി: സ്വന്തം മക്കളെ നോക്കാനാവാത്തവരുടെ കൂടെ അവനെ എങ്ങോട്ടും അയക്കില്ലെന്നു തന്നെ. പാവം, സുഭദ്രയെപ്പോലെ ഞാനും കണ്ണീരും കയ്യുമായി കഴിയേണ്ടിവരും.

ഭീമൻ: ശരി, ഘടോൽക്കച, നീ ഇവിടെയിരുന്നു ഇവൾക്കു കറിക്കു നുറുക്കിക്കൊടുക്ക്. നിന്നെ വീണ്ടും ജീവിപ്പിച്ച അലാതൻ ഏതായാലും നിന്റെ അമ്മക്കു ഒരു നല്ല അടുക്കളക്കാരനെ ഉണ്ടാക്കിക്കൊടുത്തല്ലോ.

ഘടോൽക്കചൻ: ഹ, ഹ, ഹ, അമ്മേ, കൊണ്ടുവരൂ. കർണ്ണന്റെ തലയും ദ്രൌണിയുടെ കരളുമാണു ഇന്നു കറിക്കു വേണ്ടത്. ഹ, ഹ, ഹ, ഞാൻ കൊത്തിനുറുക്കട്ടെ.

ഹിഡുംബി: ഘടോൽക്കച, ഞാൻ കാര്യമായാണ് പറയുന്നത്.

ഘടോൽക്കചൻ: അമ്മ അലാതന്റെ കൽപന നടത്തുകയാണോ?

ഹിഡുംബി: അതെന്തായാലും ഞാൻ പറയുന്നു, നീ യുദ്ധത്തിന്ന് പോകാൻ പാടില്ലെന്ന്.

ഘടോൽക്കചൻ: പോയാൽ?

ഭീമൻ: ഛെ, നിർത്തുക.

ഹിഡുംബി: അല്ല, എനിക്ക് സമ്മതമല്ല, അവൻ പോകുന്നത്.

ഘടോൽക്കചൻ: ഹേ, രാക്ഷസസ്ത്രീ, ആരോടാണിപ്പറയുന്നതെന്ന് മറക്കരുത്.

ഹിഡുംബി: ഞാൻ എല്ലാവരേയും അറിയും.

ഘടോൽക്കചൻ: (പൊട്ടിത്തെറിച്ച സ്വരത്തിൽ) അച്ഛ, ഇവൾ ശത്രുവാണ്; ശത്രുപക്ഷപാതിനിയാണ്. കൌരവപക്ഷക്കാരിയെ കൊല്ലു. അച്ഛാ, ഇവൾ എന്റെ അമ്മയല്ല കല്പിക്കു, അച്ഛാ, അങ്ങിനെ മഹാന്മാരായ ഋഷിമാർ ചെയ്യിച്ചിട്ടുണ്ട്.

ഹിഡുംബി: അതെ, നിന്നെ ഇന്നു ഞാൻ കണ്ടപോലെ വീണ്ടും കാണുന്നതിന്നുമുമ്പ്; ആരുടെ കൈകൊണ്ടായാലും ഞാനിതാശിക്കുന്നു.

ഭീമൻ: ഘടോൽക്കച, അതാ മദിച്ചേറുന്ന കർണ്ണന്റെ സേനയുടെ വിജയാരവം!
ഹിഡുംബി: എന്നെ ശവമാക്കുന്നതിന്നുമുമ്പ് നീ പോകരുത്, അംഗരാജാവുമായി യുദ്ധത്തിന്ന്.
ഭീമൻ: മൂഢേ, നീ എന്തുചെയ്യുന്നു. നിനക്ക് ചെന്തീയെടുത്ത് മടിയിൽ പൊതിഞ്ഞുവെക്കണമെന്നാണോ വിചാരം? പൌരുഷംകെട്ട മകനെക്കൊണ്ട് നിനക്ക് തൃപ്തിപ്പെടാമോ, ആലോചിക്ക്
ഘടോൽക്കചൻ: ശ്... ഇതാ ഇളയച്ഛൻ വരുന്നു.
ഭീമൻ: സഹദേവനോ!
ഘടോൽക്കചൻ: ഇളയച്ഛാ, നമസ്കാരം.
സഹദേവൻ: നല്ലത് വരട്ടെ. ജ്യേഷ്ഠാ, ഭഗവാൻ കൃഷ്ണൻ എന്നെ പറഞ്ഞയച്ചു വിവരമറിയാൻ. കുമാര, നീ ആയുഷ്മാനായിത്തന്നെ ഇരിക്കുന്നോ എന്നറിയാഞ്ഞിട്ട് അവരെല്ലാം ദുഃഖിക്കുകയാണ്.
ഘടോൽക്കചൻ: ദ്രൌണിക്ക് എന്നെ കൊല്ലാൻ കഴിഞ്ഞില്ല. ആട്ടെ, ഇളയച്ഛന്ന് എന്താണിത്രവാട്ടം?
സഹദേവൻ: എന്നെ കർണ്ണൻ അവമാനിച്ചുകളഞ്ഞു.
ഭീമൻ: എന്ത്, പറ, പറ.
സഹദേവൻ: ദ്വൈരഥത്തിൽ എന്റെ തേർ പോയി.
ഘടോൽക്കചൻ: എന്നിട്ട്?
സഹദേവൻ: ഞാൻ രഥചക്രമെറിഞ്ഞ് അവനെ തടുത്തുനോക്കി.
ഘടോൽക്കചൻ: പിന്നെ?
സഹദേവൻ: ഏർക്കാലുകൊണ്ടും കടിഞ്ഞാൺകൊണ്ടും ചത്ത കുതിരയെക്കൊണ്ടും ഞാനവനെ വീക്കി.
ഘടോൽക്കചൻ: എന്നിട്ട്?
സഹദേവൻ: അവൻ എനിക്ക് വീരമൃത്യുപോലും വിലക്കി. വിൽത്തലകൊണ്ട് എന്നെ കുത്തികൊണ്ടു പറഞ്ഞു. 'ഒത്തവരോട് യുദ്ധംചെയ്യ് ണ്ഞ എന്ന്. എന്നിട്ട് വേറെവഴിക്ക് തേരോടിച്ചുപോയി. ഛെ, ഞാനവനോട് ഭിക്ഷവാങ്ങിയ ജീവനുംകൊണ്ടാണ് നടക്കുന്നത്. മകനെ, ഞാൻ അവമാനിതനായി.
ഭീമൻ: എട, സൂതപുത്ര! നിനക്കത്രയ്ക്കായോ?
ഘടോൽക്കചൻ: (ഇടിവെട്ടുംപോലെ) അമ്മെ, ഞാനെന്തു ചെയ്യണം പറയൂ.
ഭീമൻ: (അതേസ്വരത്തിൽ) നീ മകനെ എന്തുചെയ്യാനുദ്ദേശിക്കുന്നു പറ.
ഹിഡുംബി: (താണതെങ്കിലും ഉറച്ചസ്വരത്തിൽ) ആര്യ, ഞാൻ പാണ്ഡവാന്തഃപുരം തീണ്ടിപ്പൊട്ടിച്ചവളല്ല. എനിക്ക് മനസ്സിലായി; വീരന്മാർക്ക് ഒരു വർഗ്ഗമേ ഉള്ളൂ. മകനേ, വരൂ; ഞാൻ നിന്നെ മൂർദ്ധാവിൽ ചുംബിച്ച് അനുഗ്രഹിക്കാം. പിതൃവിരോധികൾ ആരായാലും അവർക്ക് നീ അന്തകനാവട്ടെ പോ! (പ്രഹർഷപ്രദമായ വാദ്യമേളം.

**രംഗം 3**

ധയുദ്ധരംഗത്തിലെ ഭീഷണമായശബ്ദം അടുത്തടുത്തുവരുന്നു. പിന്നീടത് അല്പം മന്ദമായി തുടർന്നുകൊണ്ടിരിക്കുന്നു.।
അർജ്ജുനൻ: ദേവ, മദിച്ചേറുന്ന സൂതപുത്രനോട് ന ൽക്കാനാവാതെ സാത്യകി അതാ പിന്മാറുന്നു.
കൃഷ്ണൻ: സൂതപുത്രൻ ഇന്ന് അജയ്യനായിരിക്കയാണ്.
അർജ്ജുനൻ: എന്നെ കർണ്ണന്റെ മുമ്പിലെത്തിക്കുക വേഗം.
കൃഷ്ണൻ: നിൽക്കു. അംഗരാജാവിനോടേൽക്കാൻ നിനക്ക് സമയമായിട്ടില്ല.
അർജ്ജുനൻ: ഞാൻ അമ്പരക്കുകയാണ്; മറ്റൊരു മഹാരഥനെക്കുറിച്ചും അങ്ങെന്നെ വിലക്കീട്ടില്ല.
കൃഷ്ണൻ: ജയദ്രഥവധത്തിന് പകരംചോദിക്കാൻ ദുര്യോധനന്റെ നിർബ്ബന്ധപ്രകാരം സൂതപുത്രൻ ഇന്ദ്രദത്തമായ വേൽക്കൂടി ഇന്ന് കരുതീട്ടുണ്ട്.
അർജ്ജുനൻ: എപ്പോഴായാലും അതെനിക്കുവേണ്ടി ഉഴിഞ്ഞിട്ടതാണല്ലോ.
കൃഷ്ണൻ: അതാ, ദ്രൌണിയേൽപിച്ച ക്ഷതമുണക്കി ഘടോൽക്കചൻ വരുന്നു. അവന്നു മാത്രമേ ഇന്നു കർണ്ണനോടേൽക്കാനാവു.

അർജ്ജുനൻ: അവനെ വിട്ടുകൂടാ. ഭഗവൻ, സൌഭദ്രൻ വീണ മുറിയുണങ്ങും മുമ്പ് മറ്റൊരു കൊല്ലുന്ന വ്രണം എനിക്ക് താങ്ങാൻ വയ്യ.

കൃഷ്ണൻ: ശങ്കിക്കാതിരിക്കൂ ഇന്നു കർണ്ണനോട് നേരിട്ടുനിന്നു ആർക്കും യുദ്ധംചെയ്യാനാവില്ല. മായായുദ്ധം കൊണ്ട് സൂതപുത്രനെ ക്ഷീണിപ്പിക്കയേ നിർവ്വാഹമുള്ളു. വിദഗ്ദ്ധനാണ് ആ കാര്യത്തിൽ ഘടോൽക്കചൻ. അതാ ഭീമനും സഹദേവനുമൊത്ത് അവൻ വരുന്നു.

അർജ്ജുനൻ: മഹോന്നതംതന്നെ കുമാരന്റെ ആകാരം. അതിമാനുഷനായ പിതാവിനെക്കൂടി ഇവൻ താഴ്ത്തിക്കളഞ്ഞു.

കൃഷ്ണൻ: ക്ഷാത്രവും ആസുരവുമായ ശക്തിയുൾക്കൊണ്ട ശിശുപാലാധികളുടെ കൂട്ടത്തിൽ ഇവനാണ് മേലെക്കിടയിൽ നിൽക്കുന്നത്.

ഭീമൻ: ഭാഗ്യത്താൽ കുമാരൻ ജീവിച്ചു.

ഘടോൽക്കചൻ: മദിച്ചേറുന്ന സൂതപുത്രനെ നോക്കി നിന്ന് ഭഗവാനും ഇളയച്ഛനും അഭിനന്ദിക്കുന്ന പോലെയുണ്ട്.

സഹദേവൻ: സൂതപുത്രനെ കൊല്ലാതെ ഞാനിനി പോർക്കളം വിടില്ല.

അർജ്ജുനൻ: മകനെ, ഇന്നവൻ ദുർദ്ധർഷനായിരിക്കുന്നു.

ഘടോൽക്കചൻ: ഭഗവാൻ കൃഷ്ണനോടൊത്ത അങ്ങേക്കും? എന്നാൽ അവനെന്റെ കക്ഷത്ത് കിടന്ന് ഞെരിയേണ്ടവനാണ്.

അർജ്ജുനൻ: കുട്ടി, നീ ഇങ്ങിനെ പാഞ്ഞു കയറരുത്. അംഗരാജാവ് നിസ്സാരനല്ല. അതും പോര, ഇന്ദ്രദത്തമായ എതിരറ്റ ഒരായുധം അവന്റെ കൈയിലുണ്ട്. അതവൻ എനിക്കുവേണ്ടി കരുതിയതാണ്.

ഘടോൽക്കചൻ: എങ്കിലത് ഇളയച്ഛന്റെ നേർക്കു ചാട്ടാൻ ബാക്കിവെപ്പിക്കയാണോ വേണ്ടത്? ഞാനവനെ പപ്പടംപോലെ പൊടിക്കും. പിന്നെ ആ ഇന്ദ്രായുധംകൊണ്ട് അംഗരാജാവിന്റെ പിണ്ഡത്തിന്ന് ദുര്യോധനൻ കറിക്കു നുറുക്കട്ടെ.

കൃഷ്ണൻ: ഹോ, നാവുകൊണ്ടവൻ യുദ്ധം ജയിക്കട്ടെ. എടോ, ഇത്രയൊക്കെയുണ്ടായിട്ടു ദ്രൌണിയുടെ ഒരമ്പുകൊണ്ടു നീ കൂർക്കം വലിക്കാൻ കിടന്നല്ലോ.

ഘടോൽക്കചൻ: അയ്യ! കിടന്നു, അല്ലെ? ആചാര്യപുത്രന്റെ തേർ പൊടിച്ചതു ഭഗവാൻ കണ്ടില്ലെന്നുണ്ടോ? എന്നിട്ടു ആ വിദ്വാൻ താഴെകൊമ്പുരിഞ്ഞ തടിപോലെ നിൽക്കുമ്പോൾ 'പോട്ടെ പൂണൂൽക്കാരൻ' എന്നു വെച്ചതോ തെറ്റ്? വീണ്ടും ഞാൻ അലാതനെ പിടിക്കാൻ നോക്കുമ്പോഴതാ അവനെയ്ത്തോടെയ്ത്ത്! ഭഗവൻ പണ്ടും അങ്ങിനെയാണു ദേവനും ഭൂദേവനും! അങ്ങോട്ടു ചതിക്കാഞ്ഞാൽ ഇങ്ങോട്ടു ചതിക്കും.

കൃഷ്ണൻ: നന്നെടോ, നന്ന്! നീ തന്നെ വേണം കർണ്ണനെ എതിരിടാൻ.

സഹദേവൻ: ഞാൻ നിന്റെ വലത്തും ജ്യേഷ്ഠൻ ഇടത്തും നിൽക്കും. സാത്യകിയും വിരാടനും നിന്റെ പിൻഭാഗം കാത്തുകൊള്ളും.

ഘടോൽക്കചൻ: വേണ്ട. ഞാൻ രാക്ഷസപ്പടയോടുകൂടി പാഞ്ഞേറ്റു ആകാശത്തുനിന്നു ഉരുളൻ പാറ എറിഞ്ഞാണു ആ പാപിയെ കൊല്ലുക. നിങ്ങളെല്ലാം അതു കണ്ടു നിൽക്കണം. അതെന്റെ ശക്തി വർദ്ധിപ്പിക്കും.

കൃഷ്ണൻ: ആട്ടെ കർണ്ണനെ കൊല്ലാൻ പരിശ്രമിക്ക്. ദുഷ്ടനിഗ്രഹത്തിന്നു എപ്പോഴും വെമ്പിനിൽക്കുന്ന എന്റെ ചക്രം വിശ്രമിക്കട്ടെ. ഈ കഠോരകർമ്മത്തിന്നു നിന്നെ നിയോഗിക്കുമ്പോൾ അർജ്ജുനനെ നപ്പോലെ മമത്വം എന്നെ വിലക്കുന്നില്ല

ഘടോൽക്കചൻ: ഭഗവൻ, സ്വജനപക്ഷപാതിയായ അലാതനാൽ വീണ്ടും ജീവൻ നേടിയ ഞാൻ ഇതാ ഒരുങ്ങിക്കഴിഞ്ഞു. എന്റെ പിതാക്കളോടു ചെയ്ത അനീതികളെ എണ്ണിയെണ്ണി ചോദിച്ചു ഞാനിന്നു കൗരവന്മാരെ പ്രഹരിക്കുന്നുണ്ട്. മമത്വമാണു എനിക്കെന്നും പ്രേരകം. പിതാക്കളെ, എന്നെ അനുഗ്രഹിക്കണം.

അർജ്ജുനൻ: ഉണ്ണി, സൌഭദ്രനെപ്പോലെ എന്നെ വേദനിപ്പിക്കാതെ തിരിച്ചുവരൂ.

ഭീമൻ: നിന്റെ അമ്മ എന്നും പുത്രവതിയായിരിക്കട്ടെ.

സഹദേവൻ: മകനെ, ഞാൻ നിന്നെ ഇളക്കിവിട്ടു. നീ ശത്രുക്കളിൽ ഏറ്റവും ഭയങ്കരനോടാണ് യുദ്ധം ചെയ്യേണ്ടത്. പാണ്ഡവന്മാർ ഇന്നേവരെ ആശ്രയിച്ച ധർമ്മം നിനക്ക് പോർച്ചട്ടയായി നിൽക്കട്ടെ!

ഘടോൽക്കചൻ: ഭഗവൻ, എന്നെ അനുഗ്രഹിക്കണം.

കൃഷ്ണൻ: ഹൈഡിംബേ, പോയ്ക്കൊള്ളു ഇന്ദ്രായുധത്തേയും സൂതപുത്രനേയും നശിപ്പിക്കു.
(ദൂരെനിന്നു യുദ്ധാരവം അടുത്തടുത്തുവരുന്നു)
കൃഷ്ണൻ: അർജ്ജുന, സർവ്വാംഗം മുറിഞ്ഞ് പിന്തിരിഞ്ഞ ആചാര്യൻ അതാ കീറി നക്കിത്തുടച്ചു വീണ്ടും വരുന്നു.
അർജ്ജുനൻ: (ഉത്സാഹശൂന്യനായി) ഭഗവൻ, അങ്ങെന്നെ ആരുടെ മുമ്പിലായാലും തള്ളിക്കേറ്റുക.
(രഥഘോഷം)
(കൂട്ടമായി ആർത്തുവിളിക്കുന്ന ശബ്ദം)
സഹദേവൻ: ജ്യേഷ്ഠാ, കുമാരന്റെ പടപ്പുറപ്പാട് ഗംഭീരംതന്നെ.
ഭീമൻ: ആർത്തുവിളിക്കുന്ന രാക്ഷസപ്പടയെക്കണ്ട് സൂതപുത്രന്റെ സൈന്യം പരിഭ്രമിക്കുന്നുണ്ട്. അതാ ദുര്യോധനനും ശകുനിയും. നമുക്കവരെ കർണ്ണന്റെ സമീപം എത്താതെ അകറ്റി നിർത്താം.
(രഥഘോഷങ്ങൾ)
(തുമുലമായ യുദ്ധത്തിന്റെ ശബ്ദകോലാഹലം)
ഘടോൽക്കചൻ: അച്ഛാ, ഞാൻ വീണുകഴിഞ്ഞു. കർണ്ണന്റെ വേൽ എന്റെ ദേഹം മിക്കവാറും രണ്ടായി ചീന്തിക്കളഞ്ഞിരിക്കുന്നു.
ഭീമൻ: മകനെ, നിന്നാൽ ഞാനും ഹിഡുംബിയും പുത്രവാന്മാരായി.
സഹദേവൻ: ഹാ, കർണ്ണൻ പാണ്ഡവവംശത്തിന്റെ തുമ്പ് വലിച്ചു.
അർജ്ജുനൻ: മകനെ, നീ നിന്റെ പ്രാണനെക്കൊണ്ടും പാണ്ഡവരെ പൂജിച്ചുകഴിഞ്ഞു.
കൃഷ്ണൻ: കർണ്ണൻ വിഷപ്പല്ലുപോയ പാമ്പായി, എനി ആ മഹാരഥനെ നിഷ്പ്രയാസം തല്ലിക്കൊല്ലാം.
ഘടോൽക്കചൻ: കൃഷ്ണാ, ഞാൻ വീണു, അങ്ങയുടെ ചക്രംകൊണ്ടല്ല, സൂതപുത്രന്റെ വേൽകൊണ്ട്. നന്നായി. ഉറ്റവർക്കുവേണ്ടി ആവശ്യം വരുമ്പോൾ എല്ലാ ദുഷ്ടതയും ചെയ്യാനുള്ള സ്വാതന്ത്ര്യത്തോടുകൂടി വീണ്ടും ഈ ഭൂമിയിൽ ജനിക്കാമല്ലോ!
(വിലാപഗീതം)